**കേരള സർക്കാർ**
**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം. 57887/സി.ഡി.എൻ.4/2015/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 15-10-2015

## പരിപത്രം

വിഷയം:- **ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണം-സർക്കാർ ഓഫീസുകളിൽ ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്**

സൂചന :- എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഊർജ്ജ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 11-08-2015-ലെ ഇ.എം.സി/ഡി.ഐ.ആർ/ഇ.സി.എം/15 നമ്പർ കത്ത്

------------

ദേശീയ തലത്തിൽ എല്ലാ വർഷവും ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനമായി ആചരിച്ചുവരികയാണ്. കേരളത്തിൽ നവംബർ 15 മുതൽ ഡിസംബർ 14 വരെ ഊർജ്ജ സംരക്ഷണ മാസമായി ആചരിക്കാനും ഡിസംബർ 14-ന് സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് വിതരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളിലും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന സന്ദേശമെത്തിക്കുക, മത്സര പരിപാടികൾ, ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കൂടുതൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ മനസ്സിലാക്കുക, ഊർജ്ജത്തിന്റെ ദുരുപയോഗം തടഞ്ഞ് കുറഞ്ഞ ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഊർജ്ജനഷ്ടം തടഞ്ഞ് കാര്യക്ഷമമായ ഊർജ്ജോപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഊർജ്ജസംരക്ഷണ ദിനാചരണത്തിന്റെ ഉദ്ദേശം. കേരളത്തിലെ ഊർജ്ജസംരക്ഷണ ദിനാചരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിനും എല്ലാ വകുപ്പുകളുടെ നേതൃത്വത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഊർജ്ജ സംരക്ഷണ പ്രതിജ്ഞയെടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

അതിനാൽ എല്ലാ വകുപ്പുമേധാവികളും, ജില്ലാ കളക്ടർമാരും, പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും, അവരവരുടെ ഓഫീസുകളിലും അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും 2015 ഡിസംബർ 14-ന് രാവിലെ 11.00 മണിക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അന്നേ ദിവസത്തെ അസംബ്ലി സെഷനിലും ഊർജ്ജസംരക്ഷണ പ്രതിജ്ഞ എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

കെ. ആർ. ജ്യോതിലാൽ
സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്, തിരുവനന്തപുരം

........2

**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം. 57887/സി.ഡി.എൻ.4/2015/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 15-10-2015

## <u>പരിപത്രം</u>

വിഷയം:- **ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണം-സർക്കാർ ഓഫീസുകളിൽ ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്**

സൂചന :- എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഊർജ്ജ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 11-08-2015-ലെ ഇ.എം.സി/ഡി.ഐ.ആർ/ഇ.സി.എം/15 നമ്പർ കത്ത്

------------

ദേശീയ തലത്തിൽ എല്ലാ വർഷവും ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനമായി ആചരിച്ചുവരികയാണ്. കേരളത്തിൽ നവംബർ 15 മുതൽ ഡിസംബർ 14 വരെ ഊർജ്ജ സംരക്ഷണ മാസമായി ആചരിക്കാനും ഡിസംബർ 14-ന് സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് വിതരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളിലും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന സന്ദേശമെത്തിക്കുക, മത്സര പരിപാടികൾ, ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കൂടുതൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ മനസ്സിലാക്കുക, ഊർജ്ജത്തിന്റെ ദുരുപയോഗം തടഞ്ഞ് കുറഞ്ഞ ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഊർജ്ജനഷ്ടം തടഞ്ഞ് കാര്യക്ഷമമായ ഊർജ്ജോപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഊർജ്ജസംരക്ഷണ ദിനാചരണത്തിന്റെ ഉദ്ദേശം. കേരളത്തിലെ ഊർജ്ജസംരക്ഷണ ദിനാചരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിനും എല്ലാ വകുപ്പുകളുടെ നേതൃത്വത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഊർജ്ജ സംരക്ഷണ പ്രതിജ്ഞയെടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

അതിനാൽ എല്ലാ വകുപ്പുമേധാവികളും, ജില്ലാ കളക്ടർമാരും, പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും, അവരവരുടെ ഓഫീസുകളിലും അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും 2015 ഡിസംബർ 14-ന് രാവിലെ 11.00 മണിക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അന്നേ ദിവസത്തെ അസംബ്ലി സെഷനിലും ഊർജ്ജസംരക്ഷണ പ്രതിജ്ഞ എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

**കെ. ആർ. ജ്യോതിലാൽ**
**സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്, തിരുവനന്തപുരം

........2

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പ്
(സെക്രട്ടേറിയറ്റിൽ പ്രതിജ്ഞാചടങ്ങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി)
പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്
(സെക്രട്ടേറിയറ്റിലെ പ്രതിജ്ഞാചടങ്ങ് സംഘടിപ്പിക്കുന്നതിന് ദർബാർ ഹാൾ ബുക്ക് ചെയ്യുന്നതിനായി)
ഊർജ്ജ (എ) വകുപ്പിന് (അറിവിലേക്കായി)
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണനഗർ, ശ്രീകാര്യം, തിരുവനന്തപുരം-695 017
(എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രതിജ്ഞാ ചടങ്ങ് നടത്തുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിലേക്കായി)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
(അതത് വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രതിജ്ഞാചടങ്ങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിലേയ്ക്കായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
സർക്കാർ ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

<u>പുറത്തെഴുത്ത് നമ്പർ എ5/32322/2015 തീയതി 07/11/2015</u>

പകർപ്പ് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എല്ലാ സ്ഥാപനമേധാവികൾക്കും.

പകർപ്പ്: CA to DT/CA to ADT/JDT/DD(P)/ADO/DySA

എസ്.12/11/15 എസ്.എച്ച്.

# പ്രതിജ്ഞ

ഞാൻ എന്റെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ഐക്യത്തോടും അഖണ്ഡതയോടും കൂടി പ്രവർത്തിക്കുമെന്നും, പുരോഗതിയുടെ അടിസ്ഥാനമായ ഊർജ്ജത്തെ അമൂല്യമായി കരുതുമെന്നും, ഇന്നുമുതൽ ഊർജ്ജ സംരംക്ഷണ യജ്ഞത്തിൽ തീവ്രമായും ആത്മാർത്ഥമായും പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു.

ഊർജ്ജത്തിന്റെ നഷ്ടം കുറച്ചുകൊണ്ടും, ദുരുപയോഗം തടഞ്ഞുകൊണ്ടും, ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ടും, പുതിയ ഊർജ്ജ ഉറവിടങ്ങൾ അനുയോജ്യമായി ഉപയോഗിച്ചുകൊണ്ടും ഊർജ്ജം സംരക്ഷിക്കാൻ ഞാൻ അതീവ ജാഗ്രത പാലിക്കുന്നതായിരിക്കും. ഊർജ്ജ സംരക്ഷണ തത്വങ്ങൾ പ്രചരിപ്പിക്കുന്നതും ഇന്നു മുതൽ എന്റെ ദൗത്യമായിരിക്കുമെന്നു കൂടി ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

**ജയ്ഹിന്ദ് !**